## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3177** **14.07.2015-ൽ മറുപടിയ്ക്ക്**

# വൈദ്യുതി വിതരണം നടത്തുന്ന സ്വകാര്യ കമ്പനികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് എത്ര ലൈസൻസികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ; | (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് പുറമേ താഴെപ്പറയുന്ന 10 ലൈസൻസികൾ ഉണ്ട്.<br>1. തൃശ്ശൂർ കോർപ്പറേഷൻ.<br>2. കണ്ണൻ ദേവൻ ഹിൽസ് പ്ലാൻന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്.<br>3. കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ അതോറിറ്റി.<br>4. കൊച്ചിൻ പോർട്ട് ട്രസ്റ്റ്.<br>5. കിനസ്കോ പവർ ആൻറ് യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്.<br>6. ഇലക്ട്രോണിക്സ് ടെക്നോളജി പാർക്സ് — കേരള (ടെക്നോപാർക്ക്).<br>7. റബർ പാർക്ക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്.<br>8. ഇൻഫോ പാർക്ക്സ് — കേരള.<br>9. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് (സൈബർ പാർക്ക്).<br>10. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാ സ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്. |
| (ബി) സംസ്ഥാനത്ത് വൈദ്യുതി വിതരണവും വൈദ്യുതി ഉല്പാദനവും നടത്തുന്ന എത്ര സ്വകാര്യ കമ്പനികളുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | ലൈസൻസികളിൽ സ്വകാര്യ കമ്പനിയായ കണ്ണൻ ദേവൻ ഹിൽസ് പ്ലാൻന്റേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് വൈദ്യുതി വിതരണം നടത്തുന്നു. വൈദ്യുതി ഉല്പാദനം നടത്തുന്ന സ്വകാര്യ കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |

(സി) സ്വകാര്യ കമ്പനികളുടെ വൈദ്യുതി വിതരണം മൂലം ഉണ്ടാകുന്ന പ്രസരണ നഷ്ടം എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസരണ വിതരണനഷ്ടമായി 2014-15 വർഷത്തേക്ക് റഗുലേറ്ററി കമ്മീഷൻ നിജപ്പെടുത്തിയത്

| | |
|---|---|
| കണ്ണൻ ദേവൻ ഹിൽസ് പ്ലാൻടേഷൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | 12% |

(ഡി) ഈ നഷ്ടം വൈദ്യുതി വകുപ്പിന്റെ പ്രസരണനഷ്ടവുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

(ഡി) വൈദ്യുതി ബോർഡിന്റെ 2013-14 വർഷത്തിലെ യഥാർത്ഥ പ്രസരണ വിതരണ നഷ്ടം 14.96%-മാണ്. ഇതിൽ 4.5% പ്രസരണനഷ്ടം കൂടി ഉൾക്കൊള്ളുന്നതാണ്. 2014-15-ലെ പ്രസരണ വിതരണ നഷ്ടം 14.5% ആണ്.

സെക്ഷൻ ഓഫീസർ.

cl-3177
16/7/15



**അനുബന്ധം. I**

## വൈദ്യുത ഉല്പാദനം നടത്തുന്ന സ്വകാര്യ കമ്പനികൾ

1. എം. പി. എസ്. സ്റ്റീൽ കാസ്റ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, കഞ്ചിക്കോട്.
2. വിയ്യാറ്റ് പവ്വർ (പ്രൈ) ലിമിറ്റഡ്, തിരുവനന്തപുരം (ഇടുക്കി ജില്ലയിൽ ഇരുട്ടുക്കാനം സ്മാൾ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്, സ്റ്റേജ് I & II).
3. ഇൻഡസിൽ ഇലക്ട്രോ സ്മെൽറ്റ് ലിമിറ്റഡ്, കോയമ്പത്തൂർ (കുത്തുംഗൽ ഹൈഡൽ പ്രോജക്റ്റ്).
4. അയ്യപ്പാ ഹൈഡ്രോ പവർ ലിമിറ്റഡ് (ഇഡിസിഎൽ) (അള്ളുങ്കൽ എസ്. എച്ച്. പി).
5. ഫിലിപ്പ്സ് കാർബൺ ബ്ളാക്ക് ലിമിറ്റഡ് (എറണാകുളം ജില്ല) 10 MW.
6. വിൻഡ് ഐപിപികൾ, രാമക്കൽമേട്, ഇടുക്കി, കഞ്ചിക്കോട്, പാലക്കാട്.
7. കാർബൊറാണ്ടം പ്രൈവറ്റ് ലിമിറ്റഡ് (മണിയാർ) ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റ്.
8. ബി. കെ. പി. എൽ (ബിഎസ്ഇഎസ് കേരള പവർ ലിമിറ്റഡ്).

സെക്ഷൻ ഓഫീസർ